(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് കരാറുകാരുടെ കുടിശ്ശിക ഘട്ടംഘട്ടമായി കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ലഭിച്ച നികുതി വരുമാനം

162 (502) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ സംസ്ഥാനം പ്രതീക്ഷിച്ച നികുതി വരുമാനം മൊത്തം എത്ര കോടിയുടേതായിരുന്നു ; അത് മുൻവർഷത്തേക്കാൾ എത്ര ശതമാനം കൂടിയ നിലയിലായിരുന്നു ;

(ബി) ആദ്യ പകുതിയിൽ പ്രതീക്ഷിച്ച നികുതി വരുമാനത്തിന്റെ എത്ര ശതമാനം തുക ലഭിച്ചു ;

(സി) ഈ കാലയളവിൽ പ്രതീക്ഷിച്ച മറ്റ് വരുമാന സ്രോതസുകൾ ഏതെല്ലാമായിരുന്നു ; ഓരോ സ്രോതസ്സിൽ നിന്നും എത്ര കോടി വീതമായിരുന്നു പ്രതീക്ഷിച്ചിരുന്നത് ; മറ്റ് വരുമാന സ്രോതസിൽ നിന്നും പ്രതീക്ഷിച്ചതിന്റെ എത്ര ശതമാനം തുക പിരിഞ്ഞുകിട്ടുകയുണ്ടായി ; ഓരോ സ്രോതസ്സിൽനിന്നും കിട്ടിയ തുക വെളിപ്പെടുത്താമോ ;

(ഡി) ഈ കാലയളവിൽ ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിലും കുറഞ്ഞുപോയ വരുമാന സ്രോതസ്സുകൾ ഏതൊക്കെയാണ്; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) 2014-15 സാമ്പത്തിക വർഷത്തിലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം വിവിധ നികുതിയിനങ്ങളിലായി പ്രതീക്ഷിക്കുന്ന ആകെ നികുതി വരുമാനം,

LIBRARY ARCHIVES Kerala Legislative Assembly

അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 30-9-2014 വരെ ലഭിച്ച യഥാർത്ഥ വരുമാനം, മറ്റ് വിശദവിവരങ്ങൾ എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) കേന്ദ്ര നികുതി വിഹിതം, നികുതിയേതര വരുമാനം, കേന്ദ്ര ധനസഹായം, പലവക മൂലധന വരവുകൾ എന്നിവയാണ് മറ്റ് വരുമാന സ്രോതസ്സുകൾ. ഇവയിൽ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിക്കുന്ന ആകെ വരുമാനം, അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 30-9-2014 വരെ ലഭിച്ച യഥാർത്ഥ വരുമാനം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മറ്റ് വരുമാന സ്രോതസ്സുകൾ	ബജറ്റ് എസ്റ്റിമേറ്റ് (Crores)	30-9-2014 വരെ ലഭിച്ച യഥാർത്ഥ വരുമാനം (Crs.)
കേന്ദ്ര നികുതി വിഹിതം	9365.36	3874.86
നികുതിയേതര വരുമാനം	6337.47	2652.72
കേന്ദ്ര ധനസഹായം	6672.02	2788.09
പലവക മൂലധന വരവുകൾ	25.03	5.91

(ഡി) 2014-15 സാമ്പത്തിക വർഷം അവസാനിച്ചിട്ടില്ലാത്തതിനാൽ ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിലും കുറഞ്ഞുപോയ വരുമാന സ്രോതസ്സുകൾ ഇപ്പോൾ കണ്ടെത്താനാവില്ല.

നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ്

163 (503) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly